യതുനിമിത്തമാണ്. ഇറങ്ങിപ്പോയതിനുശേഷം ബംഗാൾ മുഖ്യമന്ത്രി ശ്രീ ജ്യോതിബാസു ചെയ്ത ഒരു പ്രസ്താവനയിൽ, ഇന്നത്തെ കേന്ദ്രഗവണ്മെൻറിന് അടുത്തപദ്ധതിയുടെ രൂപരേഖ നിർണയിക്കാൻ അവകാശമില്ലെന്നുവരെ സൂചിപ്പിച്ചിരുന്നു. പാർലമെൻറിലേക്ക് നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിൻെറ ഫലം എന്താകുമെന്ന് ഇപ്പോൾ പ്രവചിക്കുക വയ്യല്ലോ. എതിർകക്ഷികളുടെ കൂട്ടുമുന്നണി പാർലമെൻറിൽ ഭൂരിപക്ഷം നേടിയാൽ, അവർ തയ്യാറാക്കുന്ന പദ്ധതി മറെറാരു വിധമായിക്കൂടായ്കയില്ല. പദ്ധതിതന്നെ ഉണ്ടായില്ലെന്നുംവരാം.

അതെന്തായാലും, ഇന്ത്യയുടെ ആസൂത്രണപ്രക്രിയയെപ്പററി സമഗ്രമായ ഒരു പുനർമൂല്യനിർണയനം ആവശ്യമായിവന്നിട്ടുണ്ട്. ഈ ലക്ഷ്യത്തോടെ ഏഴാം പദ്ധതിയുടെ സമീപനരേഖയെപ്പററി പഞ്ചായത്തുതലംവരെ ചർച്ചകൾ നടത്തുന്നതു പ്രയോജനകരമായിരിക്കും. കാരണം, പൊതുജനങ്ങളെ ഉദ്ബുദ്ധരാക്കാത്ത കാലത്തോളം പഞ്ചവത്സരപദ്ധതികൾ പെർമിററ്–ക്വോട്ട–ലൈസൻസ് ദുർഭരണത്തിൻെറ അസ്തിവാരം ഉറപ്പിക്കാനേ ഉതകൂ എന്നു നാം അനുഭവിച്ച് അറിഞ്ഞതാണ്. സാധാരണ സംഭവിക്കാറുള്ളതുപോലെ, ചർച്ചകൾ അന്ധമാംവിധം നിഷേധാത്മകമോ ഉപരിപ്ലവമാംവിധം പ്രശംസാത്മകമോ ആകാതെയും സൂക്ഷിക്കണം. വസ്തുതകൾ ലളിതമായി, സത്യമായി മനസ്സിലാക്കുക എന്നതാവണം ഇത്തരം ചർച്ചകളുടെ ലക്ഷ്യം.

(17 ജൂലൈ, 1984)

# 37. ഗുജറാത്ത്

ആദ്യം അസം, പിന്നെ പഞ്ചാബ്, അതിനുശേഷം ഇന്ത്യയിലെ അസ്വാസ്ഥ്യബാധിത സംസ്ഥാനമായിരിക്കുകയാണ് ഗുജറാത്ത്. തെരഞ്ഞെടുപ്പിൽ വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിൽവന്ന മുഖ്യമന്ത്രി മാധവസിംഹ് സോലങ്കിക്ക് ഇത്രപെട്ടെന്ന് ഇങ്ങനെ ഒരു വിപത്തിനെ അഭിമുഖീകരിക്കേണ്ടിവന്നതു് വിധിവൈപരീത്യമെന്നേ പറയാവൂ.

'ഗുജറാത്തിൽ കഴിഞ്ഞ രണ്ട് ആഴ്ചകളിൽ എല്ലാവരും എല്ലാവർക്കും എതിരെ പൊരുതുകയാണെന്നു തോന്നി.' മെയ് 15–ലെ 'ഇന്ത്യ ടുഡേ' എന്ന വാരിക എഴുതി: 'ഹിന്ദുക്കളിൽ ഉയന്ന ജാതിക്കാർ താഴ്ന്ന ജാതിക്കാർക്ക് എതിരേ തിരിഞ്ഞു; ഹിന്ദുക്കൾ മുസ്ലിങ്ങളോടു പോരാടി; പോലീസുകാർ പത്രങ്ങളോടും പൊതുജനങ്ങളോടും സമരംചെയ്തു; സർക്കാർ പ്രതിപക്ഷകക്ഷികളോടു മല്ലടിച്ചു. സ്റ്റേററ്ഗവണ്മെൻറിൻെറ സംവരണനീതിക്കെതിരെ പതിനൊന്ന് ആഴ്ചകൾ മുമ്പ് ആരംഭിച്ച വിദ്യാർത്ഥികളുടെ പ്രക്ഷോഭണം വമ്പിച്ച ഒരു രക്തച്ചൊരിച്ചിലായി മാറി; ഉയന്ന ജാതികളിലെ സംവരണവിരുദ്ധരും, ഭൂരിപക്ഷം വരുന്ന താഴ്ന്ന ജാതിക്കാർക്ക് അനുവദിച്ച സൗജന്യങ്ങൾ നടപ്പിൽ വരുത്താൻ ദൃഢനിശ്ചയം ചെയ്ത സർക്കാരും തമ്മിലുള്ള സംഘർഷം മററു പല സാമൂഹ്യക്രോധങ്ങളെയും പുറത്തുചാടിച്ചു; ഈ സാമൂഹ്യക്രോധങ്ങൾ സ്റ്റേററിൽ ഉടനീളം ഒന്നിച്ചു പൊട്ടിത്തെറിക്കുകയും, പോലീസും പൊതുജനങ്ങളും തമ്മിൽ നിലവിലുള്ള അടിസ്ഥാന–സാമൂഹ്യ–ധാരണയെപ്പോലും തകർക്കുകയും ചെയ്തു.'

'ഗുജറാത്തിൽ പൊതുജനങ്ങളെ പോലീസിനും, ഹരിജനങ്ങളെ ഹരിജനേതര ഹിന്ദുക്കരംക്കും, ഹിന്ദുക്കളെ മുസ്ലിങ്ങരംക്കും എതിരാക്കുന്നതിനു് അഗാധമായ ഒരു ഗൂഢാലോചന നിലവിലുള്ളതായി തോന്നുന്നു. ഇതിന്റെ ഫലം ജാതികരം തമ്മിലുള്ള ഒരു യുദ്ധവും ക്രമസമാധാനങ്ങളുടെ പൂർണമായ തകർച്ചയും ആയിരിക്കും. അതിനാൽ അഹമ്മദാബാദ് നഗരത്തിന്റെ നിയന്ത്രണം ഗുജറാത്ത് സ്റ്റേററ്ഭരണകൂടത്തിനു് ഉപരിയായ ഏതെങ്കിലും ശക്തിക്കു് ഏല്പിച്ചുകൊടുക്കേണ്ടതാണു്' എന്നു്, ഇന്ത്യയിൽ ഇന്നു ജീവിച്ചിരിക്കുന്ന കവികളിൽ പ്രമുഖനും പക്വമതിയുമായ ശ്രീ ഉമാശങ്കർ ജോഷിയുടെ നേതൃത്വത്തിൽ പൗരന്മാരുടെ ഒരു സംഘം ഗുജറാത്ത് ഗവർണറോട് ആവശ്യപ്പെട്ടു.

ഇതെഴുതുമ്പോരം അഹമ്മദാബാദ്നഗരം പട്ടാളത്തിന്റെ നിയന്ത്രണത്തിലാണു്. നൂറോളം ആളുകരം കലാപങ്ങളിൽ മരിച്ചിരിക്കുന്നു. സ്വത്തുനാശത്തിനു കണക്കില്ല.

ഉണ്ടായതെന്താണു്?

വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനത്തിനും സർക്കാർ ഉദ്യോഗങ്ങരംക്കും പട്ടികജാതി--പട്ടികവർഗക്കാർക്കു നിശ്ചിതമായ അളവിൽ സംവരണം ഇന്ത്യയിലെ എല്ലാ സ്റ്റേററുകളിലുമുണ്ടു്. ഇതിനുംപുറമെ, 'സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങരംക്കു വിദ്യാഭ്യാസസ്ഥാപനങ്ങളിലും സർക്കാർ ഉദ്യോഗങ്ങളിലും സംവരണം നൽകാൻ ഭരണഘടനയിലെ 15(4), 16(4) എന്നീ വകുപ്പുകരം വ്യവസ്ഥചെയ്യുന്നു. 'പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങരം' ഏതെല്ലാമെന്നും, അവയ്ക്കു നൽകേണ്ട സംവരണം എത്ര ശതമാനമാണെന്നും തീരുമാനിക്കേണ്ടതു് അതാതു സംസ്ഥാനങ്ങളിലെ ഗവണ്മെൻറുകരം ആണു്.

ഗുജറാത്തിൽ പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങരംക്കു വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഉദ്യോഗങ്ങളിലും പത്തുശതമാനം സംവരണം മുമ്പുതന്നെ ഉണ്ടായിരുന്നു. ഈ ശതമാനം ഇരുപത്തെട്ട്--ഏതാണ്ടു മൂന്നിരട്ടി—ആയി ഉയർത്തുന്നതിനു് ഇക്കഴിഞ്ഞ ജനുവരിമാസത്തിൽ ഗുജറാത്തു് മന്ത്രിസഭ തീരുമാനിച്ചു. പിന്നോക്കാവസ്ഥ നിർണയിക്കുമ്പോരം, അപേക്ഷകരുടെ സാമ്പത്തികസ്ഥിതികൂടി പരിഗണിക്കണമെന്നു് മുമ്പു് ഈ കാര്യം പര്യാലോചിക്കാനായി ഗുജറാത്ത്സർക്കാർ നിയമിച്ചിരുന്ന റാണേ കമ്മീഷൻ 1983 ഒക്ടോബറിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരുന്നു. അതായതു്, 'പിന്നോക്കസമുദായക്കാരിൽത്തന്നെ, ഒരു നിശ്ചിതപരിധിയിൽക്കൂടുതൽ വരുമാനമുള്ളവർക്കു സംവരണത്തിന്റെ ആനുകൂല്യം നൽകേണ്ടതില്ലെന്നും, അവർ ഉയർന്ന സമുദായക്കാരോടൊപ്പം 'ഓപ്പൺ മെറിററി'ൽ മത്സരിക്കണമെന്നുമായിരുന്നു റാണേകമ്മീഷന്റെ ശുപാർശ. മന്ത്രിസഭ ഈ ശുപാർശ സ്വീകരിച്ചില്ല; അതേസമയം സംവരണശതമാനം ഗണ്യമായി ഉയർത്തുകയുംചെയ്തു. സംസ്ഥാന നിയമസഭയിലേക്കു തെരഞ്ഞെടുപ്പു നടക്കുന്നതിനു തൊട്ടുമുമ്പു പ്രഖ്യാപിക്കപ്പെട്ട മന്ത്രിസഭയുടെ ഈ തീരുമാനം, തെരഞ്ഞെടുപ്പിൽ 'പിന്നോക്കവിഭാഗ'ക്കാരുടെ വോട്ടിനെ സ്വാധീനിക്കുന്നതിനു വേണ്ടിയായിരുന്നു എന്ന ആക്ഷേപത്തിൽ സത്യം ഇല്ലാതില്ല.

ഈ പ്രഖ്യാപനം നടന്നു മൂന്നാഴ്ചയ്ക്കു ശേഷം, ഫെബ്രുവരി 6--ാം തീയതി, സൗരാഷ്ട്രത്തിലെ മോർവി എൻജിനീയറിങ് കോളേജിലെ വിദ്യാർത്ഥികരം സംവരണശതമാനവർദ്ധനയിൽ പ്രതിഷേധിച്ചു പഠിപ്പുമുടക്കി. ഈ പ്രക്ഷോഭണം വളരെ വേഗത്തിൽ ഗുജറാത്തിലെങ്ങും വിദ്യാർത്ഥികരംക്കിടയിൽ പടർന്നുപിടിച്ചു. വിദ്യാർത്ഥികരം 'അഖില ഗുജറാത്ത്' നവരചനാ സമിതി രൂപവത്കരിക്കുകയും, സംവരണസമ്പ്ര

ദായം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട സമരം ആരംഭിക്കുകയും ചെയ്തു. വിദ്യാർത്ഥികൾ ബഹിഷ്കരിച്ചതുകാരണം മാർച്ച് മദ്ധ്യത്തിൽ സ്കൂൾഫൈനൽ പരീക്ഷയും ഹയർ സെക്കണ്ടറിസ്കൂൾ പരീക്ഷയും നടത്താൻ ഗുജറാത്ത്സർക്കാരിനു കഴിഞ്ഞില്ല

ഇതിനിടയ്ക്ക് 'അഖില ഗുജറാത്ത്വാലി മഹാമണ്ഡലം' എന്ന പേരിൽ രക്ഷിതാക്കൾ സംഘടിച്ചിരുന്നു. 'വാലികൾ' (രക്ഷിതാക്കൾ) വിദ്യാർത്ഥികളുടെ സമരത്തിനു പൂർണമായ പിന്തുണ പ്രഖ്യാപിച്ചു; വാലിമഹാമണ്ഡലത്തിന്റെ അദ്ധ്യക്ഷനും രാഷ്ട്രീയാതീതനുമായ ശങ്കർ ഭായീപട്ടേൽ സംസ്ഥാനത്തിലെ ബഹുജനനേതാക്കളിലൊരാളായി പെട്ടെന്ന് ഉയരുകയുംചെയ്തു.

മാർച്ച് പതിനെട്ടാം തീയതി വിദ്യാർത്ഥികളുടെ നവരചനാസമിതിയും രക്ഷിതാക്കളുടെ വാലിമഹാമണ്ഡലവും ചേർന്ന് ഒരു ഗുജറാത്ത് ബന്ദിന് ആഹ്വാനം നൽകി. അന്നു രാത്രി അഹമ്മദാബാദിൽ ഗുണ്ടകളുടെ നേതൃത്വത്തിൽ പരക്കെ ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. സമാധാനം സ്ഥാപിക്കാൻ സർക്കാരിനു പട്ടാളത്തെ വിളിക്കേണ്ടിവന്നു.

ഏപ്രിൽ 7–ാം തീയതി 'വാലി മഹാമണ്ഡല'ത്തിന്റെ ഒരു യോഗം സർക്കാർ നിരോധിച്ചു. നിരോധനം വകവെക്കാതെ രക്ഷിതാക്കൾ യോഗം ചേർന്നപ്പോൾ, സംവരണാനുകൂലികൾ അതു കലക്കി; മഹാമണ്ഡലനേതാക്കൾക്ക ലാത്തിത്തല്ലു കൊണ്ടു തുടർന്ന് അഹമ്മദാബാദിൽ വ്യാപകമായി ലഹളകൾ ആരംഭിച്ചു. ആറു വിദ്യാർത്ഥികൾ തടങ്ങലിലായി. പോലീസും പൊതുജനങ്ങളും തമ്മിൽ പല ഏറ്റുമുട്ടലുകളും നടന്നു. ഈ ഏറ്റുമുട്ടലുകളുടെ ഫലമായി, അഹമ്മദാബാദിൽ ക്രമസമാധാനനില അമ്പേ തകർന്നു. ഇതിനിടെ, ചില പോലീസ് ഉദ്യോഗസ്ഥന്മാർ ചില പ്രദേശങ്ങളിൽ പ്രവേശിക്കരുതെന്ന ഒരു വിലക്ക് ഗുജറാത്ത്ഹൈക്കോടതി പുറപ്പെടുവിച്ചതു കാര്യങ്ങൾ കൂടുതൽ വഷളാക്കി. ഒരു ഹെഡ്കോൺസ്റ്റബിളും ഒരു ഇൻസ്പെക്ടറും വധിക്കപ്പെട്ടു. സമരാനുകൂലികളായ പത്രങ്ങൾക്കെതിരെ പോലീസ് കടുത്ത നടപടികൾ കൈക്കൊണ്ടു. 'ഗുജറാത്ത് സമാചാർ' എന്ന പത്രത്തിന്റെ ആപ്പീസ് കത്തിനശിച്ചു. ഇന്ത്യൻ എക്സ്പ്രസ്, വെസ്റ്റേൺ ടൈംസ്, ജനസത്ത എന്നീ പത്രങ്ങൾക്കെതിരെയും ആക്രമണങ്ങളുണ്ടായി. പോലീസാണ് ഇതിനെല്ലാം നേതൃത്വം നൽകിയതെന്ന ആരോപണം അടിസ്ഥാനമില്ലാത്തതല്ല. പ്രത്യേകിച്ചു സ്ത്രീകളോടും കുട്ടികളോടും പോലീസ് കാണിച്ച ക്രൂരതയും മര്യാദകേടും സാർവത്രികമായി ആക്ഷേപിക്കപ്പെട്ടു. പല വീടുകളും കത്തിയെരിഞ്ഞു. ഗുണ്ടകൾ കത്തികളുമായി പഴയ കുടിപ്പകകൾ തീർക്കാൻ രംഗത്തിറങ്ങി. അവരെ തടയാൻ ആരുമുണ്ടായിരുന്നില്ല.

ഏപ്രിൽ അവസാനമായപ്പോഴേക്ക് ഗുജറാത്തിലെ ആറു നഗരങ്ങളിൽ നിശാനിയമം നിലവിലുണ്ടായിരുന്നു. അഹമ്മദാബാദ്, വഡോദര (ബറോഡ), സൂറത്ത് എന്നീ നഗരങ്ങൾ പട്ടാളക്കാരുടെ നിയന്ത്രണത്തിലായിരുന്നു. ചുരുങ്ങിയതു് അറുപതുപേരെങ്കിലും അകാലമൃത്യുവിന് ഇരയായിക്കഴിഞ്ഞിരുന്നു. (മരണക്കണക്ക് ഇപ്പോൾ നൂറോളമായി ഉയന്നിട്ടുണ്ട്.)

ഇതെഴുതുമ്പോഴും (മെയ് 14) സമാധാനജീവിതം ഗുജറാത്തിൽ തിരിച്ചെത്തിയിട്ടില്ല. റോഡുകളിൽ പട്ടാളക്കാർ റോന്തുചുററുന്നു; പൗരസ്വാതന്ത്ര്യം തടയപ്പെട്ടിരിക്കുന്നു. സമുദായങ്ങളുടെ ഹൃദയങ്ങളിൽ പരസ്പരം അവിശ്വാസവും വിരോധവും നീറിപ്പുകയുന്നു. പരീക്ഷകൾ നടന്നിട്ടില്ല; ജൂൺ 1–ാം തീയതിവരെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. മെയ്മാസത്തിൽ നടന്ന

സർക്കാർ ഉദ്യോഗസ്ഥന്മാരുടെ പണിമുടക്ക് ഈ കുഴപ്പങ്ങൾക്ക് അസാധാരണമായ ഒരു മാനം നൽകുകയുമുണ്ടായി.

ആരാണ് ഈ കുഴപ്പങ്ങൾക്കു പിന്നിൽ?

'തെരഞ്ഞെടുപ്പിൽ തോററ പ്രതിപക്ഷകക്ഷികൾ' എന്നാണു തെരഞ്ഞെടുപ്പിൽ ജയിച്ച കോൺഗ്രസ്സുകാർ പറയുന്നതു്. തെരഞ്ഞെടുപ്പിൽ ടിക്കററു കിട്ടാത്ത കോൺഗ്രസ്‌വിമതരാണു കുഴപ്പക്കാർ എന്നു പ്രതിപക്ഷകക്ഷികളും ആരോപിക്കുന്നു.

ഒന്നു തീർച്ച: ജനങ്ങൾ പൊതുവെ പ്രക്ഷുബ്ധരാണ്. സർക്കാരിലോ, ഏതു സർക്കാരിനും അടിസ്ഥാനമായിരിക്കേണ്ട സാമാന്യതത്വങ്ങളിലോ ജനങ്ങൾക്കു വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. കാട്ട് ഉണങ്ങിനില്ക്കുകയാണ്; ഒരൊററ തീപ്പൊരിയേ വേണ്ടു, അതാകെ കത്തിയാളാൻ!

ഇതു ഗുജറാത്തിന്റെ മാത്രം സ്ഥിതിയല്ല. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഇന്ന് എത്തിനില്ക്കുന്നതു്, ഏറിയോ കുറഞ്ഞോ, ഇതേ അവസ്ഥയിലാണ്.

സംവരണപ്രശ്നം ഇനിയും ഏറെനാളേക്കു നമ്മുടെ നാട്ടിൽ സമാധാനലംഘനത്തിനു കാരണമായിക്കൂടായ്കയില്ല. സംവരണവ്യവസ്ഥയ്ക്കെതിരെ രാഷ്ട്രവ്യാപകമായ ഒരു പ്രസ്ഥാനം അണിയറയിൽ ചമഞ്ഞൊരുങ്ങി വരുന്നുണ്ട്. ഈ പ്രസ്ഥാനം ശക്തിയാർജിക്കുന്നതോടെ, മറുവശത്തു സംവരണശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യവും ഉയർന്നു വരാതിരിക്കുകയില്ല. കൂടിയാലോചനാസമിതികളിൽ യുക്തിവാദത്തിലൂടെയല്ലാതെ, അങ്ങാടികളിലും തെരുവുകളിലും തീപ്പന്തങ്ങളിലൂടെയും കഠാരികളിലൂടെയും ഈ പ്രശ്നത്തിനു ശാശ്വതപരിഹാരം കാണാൻ ശ്രമങ്ങൾ നടന്നുകൂടായ്കയില്ല.

സംവരണത്തെ സംബന്ധിച്ചിടത്തോളം ദൃഢമായ ഒരു ദേശീയനയം ആവിഷ്കരിച്ചു നടപ്പിൽ വരുത്താൻ ഇനി ഒട്ടും വൈകിക്കൂടാ. കേന്ദ്രഗവണ്മെൻറ് ഇക്കാര്യത്തിൽ നേതൃത്വം നൽകേണ്ടിയിരിക്കുന്നു

പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കും അനുവദിച്ചിട്ടുള്ള സംവരണത്തിൽ ആർക്കും ഇന്ന് എതിർപ്പില്ല. വിദ്യാഭ്യാസസ്ഥാപനങ്ങളിലോ ഉദ്യോഗങ്ങളിലോ അവർക്ക് അനുവദിക്കപ്പെട്ട സ്ഥാനങ്ങൾ ഇപ്പോഴും വലിയതോതിൽ ഒഴിഞ്ഞുകിടക്കുകയാണ്. ഇനിയും വളരെക്കാലത്തേക്ക് ഈ നില തുടരാനാണു സാദ്ധ്യത. അർപ്പിതാത്മാക്കളായ സാമൂഹ്യപ്രവർത്തകരുടെ നിരന്തരപ്രയത്നത്തിലൂടെ പട്ടികജാതി–വർഗ്ഗക്കാരുടെ മഹത്വാകാംക്ഷയെ പൂർണമായും ഉണർത്തുകയും, ഇടക്കാലത്തു് അവർക്കു പ്രത്യേക വിദ്യാഭ്യാസ-പരിശീലന-സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്താൽ മാത്രമേ, അടുത്ത അരനൂററാണ്ടിനുള്ളിലെങ്കിലും, അവരെ വിദ്യാഭ്യാസത്തിലും ഉദ്യോഗങ്ങളിലും മററു ജനവിഭാഗങ്ങളോടു് ഒപ്പം കൊണ്ടുവരാൻ കഴിയൂ.

'പിന്നോക്കംനിൽക്കുന്ന സമുദായ'ങ്ങൾക്കുള്ള സംവരണത്തെ സംബന്ധിച്ചിടത്തോളമാണ് ഇന്നു പരക്കെ ആക്ഷേപം. ഈ സമുദായങ്ങൾ ഏതെല്ലാമെന്നു തീരുമാനിക്കുന്നതിലും, അവയ്ക്കു സംവരണശതമാനം നിശ്ചയിക്കുന്നതിലും, സാമൂഹ്യയാഥാർത്ഥ്യങ്ങളേക്കാളേറെ രാഷ്ട്രീയ പരിഗണനകളെയാണു ഭരണകക്ഷികൾ ആശ്രയിച്ചിട്ടുള്ളതെന്ന ആക്ഷേപം എത്രയോ കാലമായി കേട്ടുവരുന്നതാണ്. 'ഒരു സാമൂഹ്യത്തിന്മ എന്ന നിലവിട്ടു ജാതി ഒരു രാഷ്ട്രീയത്തിന്മയായി മാറിയിരിക്കുന്നു.' എന്നു ഡോക്ടർ രാധാകൃഷ്ണൻ പറഞ്ഞതു പല വർഷങ്ങൾക്കു മുമ്പാണ്.

തമിഴ്നാട്ടിൽ ഇപ്പോൾ സംവരണം അറുപത്തെട്ടു ശതമാനമാണ്. ശേഷിച്ച മുപ്പത്തിരണ്ടു ശതമാനം മാത്രമാണ് 'ഉയർന്ന' വർഗക്കാർക്കും, പരീക്ഷകളിൽ കൂടുതൽ മാർക്കു വാങ്ങുന്ന (പിന്നോക്കക്കാർ അടക്കമുള്ള)

എല്ലാ സമുദായക്കാർക്കുമായി അവശേഷിച്ചിട്ടുള്ളതു്. മററു സ്റ്റേററുകളിലും സംവരണത്തോതു് ഏറെക്കുറെ ഇതുതന്നെയാണു്.

'പിന്നോക്കം നിൽക്കുന്ന സമുദായ'ങ്ങളിൽ സാമ്പത്തികമായി വളരെ ഉയർന്ന നിലവാരം നേടിയവർ കുറവല്ല. ഇവർക്കു് ഏതു ഉയർന്ന സമുദായക്കാരോടും, സമത്വത്തിൻെറ അടിസ്ഥാനത്തിൽ, സംവരണത്തിൻെറ ആനുകൂല്യം കൂടാതെതന്നെ, മത്സരിക്കാൻ ഇന്നു കഴിയും. അതേ സമയം, സാമ്പത്തികമായി കഠിനമായ അവശത അനുഭവിക്കുന്ന വിഭാഗങ്ങരം 'ഉയർന്ന' സമുദായങ്ങളിൽ ധാരാളമുണ്ടുതാനും. ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യമില്ലെങ്കിൽ വിദ്യാഭ്യാസമോ ഉദ്യോഗമോ നേടുക ഇവർക്കു ദുഷ്കരംതന്നെയായിത്തീർന്നിട്ടുണ്ടു്.

അതിനാൽ, 'പിന്നോക്കംനിൽക്കുന്ന സമുദായ'ങ്ങളെ നിർവചിക്കുമ്പോരം, ജാതി, തൊഴിൽ, പാർക്കുന്ന സ്ഥലം എന്നിവയോടൊപ്പം സാമ്പത്തികനിലകൂടി കണക്കിലെടുക്കേണ്ടതാണെന്ന വാദത്തിൽ അർത്ഥമില്ലായ്കയില്ല. 'പിന്നോക്കാവസ്ഥ'യ്ക്കു് ഒരേയൊരു ആധാരമേ ഉണ്ടാകാവൂ എന്നും, ഈ ആധാരം ജാതി ആയിരിക്കണമെന്നുമുള്ള വാദം, ഒരിക്കൽ കിട്ടിയ ആനുകൂല്യത്തെ ഒരിക്കലും കൈവിടുകയില്ലെന്നുള്ള ചിലരുടെ നിർബന്ധബുദ്ധിയെ മാത്രമാണു പ്രകടമാക്കുന്നതു്.

'സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന സമുദായങ്ങരം' ഏതെല്ലാമെന്നു നിർണയിക്കുന്നതിനുള്ള മാനദണ്ഡങ്ങളെപ്പററി സുപ്രീംകോടതിയുടെ ഒരു കോൺസ്റ്റിററ്യൂഷൻബെഞ്ചു് മെയ് 10–ാം തീയതി ചെയ്ത ചില പ്രസ്താവങ്ങരം ഈ സന്ദർഭത്തിൽ പരിഗണന അർഹിക്കുന്നു.

വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനത്തിനുള്ള സംവരണം അറുപത്തിനാലു ശതമാനവും സർക്കാർ ഉദ്യോഗങ്ങളിൽ സംവരണം അറുപത്തിയാറു ശതമാനവും ആയി ഉയർത്തിക്കൊണ്ടു രണ്ടു കല്പനകരം 1977 ഫെബ്രുവരിയിലും 1979 ജൂണിലും കർണാടകഗവണ്മെൻറ് പുറത്തിറക്കിയിരുന്നു. ഈ കല്പനകളുടെ ഭരണഘടനാപരമായ സാധുത്വം ചോദ്യം ചെയ്യപ്പെട്ടപ്പോരം, ഇക്കാര്യത്തിൽ മാർഗനിർദേശത്തിനുവേണ്ടി കർണാടകഗവണ്മെൻറ് സുപ്രീംകോടതിയെ സമീപിച്ചു. സുപ്രീംകോടതിയിലെ കോൺസ്റ്റിററ്യൂഷൻബെഞ്ചിലെ അഞ്ചു ജഡ്ജിമാർക്കും ഒത്തുചേർന്നു് ഇക്കാര്യത്തിൽ ഏകകണ്ഠമായ ഒരു വിധി പ്രസ്താവിക്കാൻ കഴിയാതെപോയി. അഞ്ചുപേരും വെവ്വേറെ അഞ്ചു വിധികളാണു പ്രസ്താവിച്ചതു്. എങ്കിലും അവരിൽ അധികംപേരും, പിന്നോക്കാവസ്ഥ തീരുമാനിക്കുന്നതിനു ജാതിയോടൊപ്പം സാമ്പത്തികശേഷികൂടി പരിഗണിക്കണമെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്.

'പട്ടികജാതി–വർഗക്കാർക്കുള്ള സംവരണം ഇന്നത്തെ രീതിയിൽ പതിനഞ്ചു വർഷംകൂടി തുടരണം. അപ്പോരം, ഭരണഘടന നിലവിൽവന്നിട്ടു അമ്പതു വർഷം തികയും. മർദിതവിഭാഗങ്ങളിലെ മേൽക്കിടക്കാർക്കു സാമൂഹ്യമായ മർദനത്തിൻെറയും അകററിനിർത്തലിൻെറയും അപമാനത്തിൻെറയും ഫലങ്ങരം തുടച്ചുമാററുവാൻ ന്യായമായ ഒരു കാലാവധിയാണു് അമ്പതുവർഷം. അതിനുശേഷം പട്ടികജാതി–പട്ടിക–വർഗ്ഗ–ക്കാരുടെ കാര്യത്തിലും, സംവരണത്തിനു സാമ്പത്തികശേഷി ഒരു മാനദണ്ഡമായിരിക്കണം. ആനുകൂല്യങ്ങരം അനിശ്ചിതകാലത്തേക്കു കൈയടക്കിവെക്കാൻ 'പിന്നാക്കസമുദായക്കാർക്കിടയിലെ പ്രത്യേക സാഹചര്യങ്ങളുള്ള വിഭാഗങ്ങളെ എന്നെന്നേക്കുമായി അനുവദിച്ചുകൂടാ' എന്നു ചീഫ്ജസ്റ്റിസ് ശ്രീ ചന്ദ്രചൂഡ് അദ്ദേഹത്തിൻെറ വിധിന്യായത്തിൽ പറഞ്ഞു. പട്ടികജാതി–വർഗ–ക്കാരല്ലാത്ത മററു പിന്നോക്കവിഭാഗങ്ങരംക്കു സംവരണാനുകൂല്യം നൽകുന്നതിനു രണ്ടു മാനദണ്ഡങ്ങ

ളാണു വേണ്ടതെന്നു് ജസ്റ്റിസ് ചന്ദ്രചൂഡ് നിർദേശിച്ചു. ഒന്നു്, പട്ടികജാതി—വർഗ—ക്കാരുടേതിനു തുല്യമായിരിക്കണം അവരുടെ പിന്നോക്കാവസ്ഥ. രണ്ടു്, സ്റ്റേററ്ഗവണ്മെൻറ് അതാതു കാലത്തു തീരുമാനിക്കുന്ന, സാമ്പത്തികശേഷി സംബന്ധിച്ച, അവസ്ഥ അവർക്കു ബാധകമായിരിക്കണം.

സംവരണം എത്ര ശതമാനംവരെ ആവാം? പിന്നോക്കസമുദായങ്ങളുടെ ജനസംഖ്യാനുപാതത്തെ ഏറെക്കുറെ അനുസരിച്ചാവണം അതെന്നത്രേ ജഡ്ജിമാർ, വ്യത്യസ്തരൂപത്തിൽ, പ്രസ്താവിച്ചിട്ടുള്ളതു്. എന്നാൽ, ഒരിക്കലും ആകെ സംവരണം അമ്പതു ശതമാനത്തിൽ കവിഞ്ഞുകൂടാ എന്നു് 1976—ൽ കോടതി നൽകിയ തീരുമാനം മാററാറായിട്ടില്ല എന്നു് ഒരു ജഡ്ജി പ്രസ്താവിച്ചിട്ടുണ്ടു്.

പിന്നോക്കസമുദായങ്ങരംക്കുവേണ്ടി ഒരു ഉന്നത അധികാര ദേശീയ കമ്മീഷനെ കേന്ദ്രഗവണ്മെൻറ് സ്ഥിരമായി നിയമിക്കണമെന്നതാണു മറെറാരു നിർദേശം. ഓരോ പ്രദേശത്തും, ഓരോ സ്റ്റേററിലും, പിന്നോക്കസമുദായങ്ങളെ സംബന്ധിച്ച സാമൂഹ്യ—സാമ്പത്തിക പഠനങ്ങരം ഈ കമ്മീഷൻ നടത്തിക്കൊണ്ടിരിക്കണം. അയ്യഞ്ചു കൊല്ലം കൂടുമ്പോരം സംവരണനയം പരിശോധിച്ചു്, നിലവിലുള്ള വൈഷമ്യങ്ങരം പരിഹരിക്കുകയും, ഈ നയത്തെക്കുറിച്ചുള്ള പൊതുചർച്ചകളിലൂടെ അഭിപ്രായരൂപവത്ക്കരണം സാദ്ധ്യമാക്കുകയും വേണമെന്ന നിർദേശവുമുണ്ടു്.

സംവരണം സംബന്ധിച്ച തീരുമാനം ഇപ്പോഴുള്ളതുപോലെ സ്റ്റേററുകരംതന്നെ എടുക്കണമെന്നു് ഒരു ജഡ്ജി അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ, പ്രാദേശികങ്ങളായ നീക്കുപോക്കുകളോടെ രാജ്യവ്യാപകമായ ഒരു നയം ഇക്കാര്യത്തിലുണ്ടാകണമെന്ന അഭിപ്രായത്തിനു ശക്തി കൈവന്നുകൊണ്ടിരിക്കുകയാണു്.

ഏതായാലും, ഉയർന്ന ജാതിക്കാരും താഴ്ന്ന ജാതിക്കാരും തമ്മിലും, തൊഴിലാളികളും ഇടത്തരക്കാരും തമ്മിലും, ഹിന്ദുക്കളും മുസ്ലിങ്ങളും തമ്മിലും, പോലീസുകാരും പൊതുജനങ്ങളും തമ്മിലും, സർക്കാരും പ്രതിപക്ഷകക്ഷികളും തമ്മിലും നിരന്തരമായ സംഘർഷം നിലവിൽ വരുത്തുന്നതിനും, തെരുവുകളിൽവെച്ചു കഠാരികളും തീപ്പന്തങ്ങളുംകൊണ്ടു പ്രശ്നങ്ങരം പരിഹരിക്കുന്നതിനുമുള്ള ദീർഘകാലകാരണമായിക്കൂടാ സംവരണപ്രശ്നം.

ഒരു ദേശീയ സർവസമ്മതം ഈ കാര്യത്തിൽ ഉണ്ടാവേണ്ടിയിരിക്കുന്നു.

'ചിന്തിക്ക, ജാതിമദിരാന്ധരടിച്ചു തമ്മി—
ലന്തപ്പെട്ടും തനയർ; എന്തിനയേ സ്വരാജ്യം?'

എന്ന മഹാകവിയുടെ ഇരുണ്ട താക്കീതു യാഥാർത്ഥ്യമാകാൻ നാം അനുവദിച്ചുകൂടാ.

(14 മെയ്, 1985)